# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3209.

19-06-2019 ൽ മറുപടിയ്ക്ക്

## പ്രളയാനന്തരം നെൽകൃഷി ചെയ്ത കർഷകർക്ക് ലഭ്യമാക്കേണ്ട ധനസഹായം

**ചോദ്യം**

ശ്രീ.അനൂപ് ജേക്കബ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിൽ തോട്ടറ കന്നംകുളം പുഞ്ചപ്പാടശേഖര നെല്ലുത്പാദക സമിതിയുടെ ആഭിമുഖ്യത്തിൽ പ്രളയാനന്തരം നെൽകൃഷി ചെയ്ത കർഷകർക്ക് ലഭ്യമാക്കേണ്ട ധനസഹായവും ആനുകൂല്യങ്ങളും നല്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) & (ബി) | പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിൽ തോട്ടറ കന്നംകുളം പുഞ്ചപ്പാടശേഖരത്തിലെ നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡിയായി 8,92,500/- രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു. ആയത് 2018-19 സാമ്പത്തിക വർഷത്തിൽ മാറികൊടുക്കുന്നതിനുള്ള എല്ലാ നടപടികളും ആമ്പല്ലൂർ കൃഷി ഭവന്റെ ഭാഗത്തുനിന്നും കൈക്കൊണ്ടിരുന്നു. എന്നാൽ കനത്ത മഴയും വെള്ളക്കെട്ടും മൂലം തോട്ടറ പുഞ്ചയിൽ വെള്ളം വറ്റിക്കാൻ താമസം നേരിട്ടു. ഫെബ്രുവരി പകുതിയോടെയാണ് നടീൽ പൂർത്തീകരിക്കാൻ കഴിഞ്ഞത്. കൃഷി ഇറക്കുന്നത് വൈകിയതുമൂലം അപേക്ഷയും അനുബന്ധ രേഖകളും കൃഷി ഭവനിൽ എത്തിക്കുന്നതിനും അപേക്ഷകൾ സാംഖ്യ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്ത്, ക്ലെയിം ആക്കി ഓതറൈസേഷൻ ലഭിക്കുന്നതിന് പഞ്ചായത്തിലേക്ക് അയക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ആ സമയത്ത് പഞ്ചായത്തിൽ പ്ലാൻ ഫണ്ടിന്റെ അഭാവം മൂലം 2,72,052/- രൂപയ്ക്ക് മാത്രമേ ഓതറൈസേഷൻ നൽകിയിരുന്നുള്ളൂ. ബാക്കി തുകയായ 6,20,448/- രൂപയ്ക്ക് സ്പിൽ ഓവർ പ്രോജക്ട് വെയ്ക്കാൻ പഞ്ചായത്ത് ആവശ്യപ്പെടുകയും അതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. 12.06.2019 ൽ 6,20,448/- രൂപയുടെ ബില്ല് ട്രഷറിയിൽ മാറി കർഷകരുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിൽ കാലതാമസമുണ്ടായതായുള്ള പാടശേഖര സമിതിയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ കാലതാമസം വരാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ